REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 13-05-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- അഞ്ചാം തവണയും പുതുച്ചേരി മുഖ്യമന്ത്രിയായി അഖിലേന്ത്യാ NR കോൺഗ്രസ് നേതാവ് N.രംഗസാമി സത്യപ്രതിജ്ഞ ചെയ്തു.
- തമിഴ്നാട്ടിൽ TVK ഗവണ്മെന്റ് വിശ്വാസ വോട്ട് നേടി.
- കേരള മുഖ്യമന്ത്രിയെ കോൺഗ്രസ് ഹൈക്കമാൻഡ് ഇന്ന് പ്രഖ്യാപിച്ചേക്കും.
- മലപ്പുറം മങ്കടയിൽ മിന്നലേറ്റ് മരിച്ച നാല് വിദ്യാർത്ഥികളുടെ സംസ്കാരം ഇന്ന്.
- സ്വർണ വിലയിൽ വൻകുതിപ്പ്. ഇന്ന് മാത്രം പവന് വർദ്ധിച്ചത് 10,200 രൂപ.
- IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി

അഞ്ചാം തവണയും പുതുച്ചേരി മുഖ്യമന്ത്രിയായി അഖിലേന്ത്യാ NR കോൺഗ്രസ് നേതാവ് N.രംഗസാമി സത്യപ്രതിജ്ഞ ചെയ്തു. ലോക്നിവാസിലെ ചടങ്ങിൽ പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണർ കെ.കൈലാസ് നാഥൻ സത്യവാചകം ചൊല്ലിക്കൊടുത്തു. NR കോൺഗ്രസിലെ മല്ലാടി കൃഷ്ണറാവു, ബിജെപി യിലെ എ.നമശിവായും ഇതുവരെ ചടങ്ങിൽ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. ബിജെപി ദേശീയ അധ്യക്ഷൻ നിതിൻനബിൻ, പാർട്ടി ദേശീയ സംഘടനാ ജനറൽ സെക്രട്ടറി BL സന്തോഷ് അടക്കം നേതാക്കളും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു.

30 അംഗ നിയമസഭയിൽ 18 സീറ്റ് നേടിയാണ് NDA സഖ്യം പുതുച്ചേരിയിൽ തുടർഭരണം ഉറപ്പിച്ചത്.

✪✪✪

തമിഴ്നാട്ടിൽ C ജോസഫ് വിജയിയുടെ നേതൃത്വത്തിലെ TVK ഗവൺമെന്റ് 144 MLA മാരുടെ വിശ്വാസ വോട്ട് നേടി. 107 അംഗങ്ങളാണ് TVKക്ക്. കേവല ഭൂരിപക്ഷത്തിന് 118 സീറ്റുകളായിരുന്നു ആവശ്യം.

✪✪✪

മുതിർന്ന നേതാക്കളുമായി ഏറെ നിർണായകമായ ചർച്ചകൾക്കു ശേഷം കോൺഗ്രസ് ഹൈക്കമാൻഡ് മുഖ്യമന്ത്രിയുടെ പേര് ഇന്ന് പ്രഖ്യാപിച്ചേക്കും. നിയമസഭാ തിരഞ്ഞെടുപ്പ് ഫലം വന്ന് പത്ത് ദിവസമായിട്ടും മുഖ്യമന്ത്രിയെ തീരുമാനിക്കാൻ കഴിയാത്തതിലെ ജനവികാരം AICC നേതൃത്വത്തെ വിശാലയോഗത്തിൽ കേരള നേതാക്കൾ ഇന്നലെ അറിയിച്ചു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയും മുതിർന്ന പാർട്ടി നേതാവ് സോണിയാഗാന്ധിയും KPCC നേതൃത്വവുമായി ആശയവിനിമയം നടത്തിക്കഴിഞ്ഞു. അതിനാൽ തീരുമാനം വൈകില്ലെന്നാണ് റിപ്പോർട്ട്.

മല്ലികാർജുൻ ഖാർഗെയും, സോണിയാഗാന്ധിയും, പ്രിയങ്കാഗാന്ധിയും, രാഹുൽഗാന്ധിയും ചർച്ച നടത്തിയ ശേഷമായിരിക്കും ഇന്ന് അന്തിമ തീരുമാനം. തുടർന്ന് ഘടകകക്ഷികളെ വിവരം ഔദ്യോഗികമായി അറിയിച്ച് പിന്തുണ തേടും.

സംസ്ഥാനത്ത് മുഖ്യമന്ത്രിയെ തീരുമാനിക്കാത്തതിനാൽ ഭരണസ്തംഭനം ഉണ്ടാകുമെന്നും, മികച്ച വിജയം നേടിയ മുന്നണിക്കെതിരായി ജനവികാരം ഉയർന്നാൽ അതിന്റെ ഉത്തരവാദിത്തം കോൺഗ്രസിന് മാത്രമായിരിക്കുമെന്നും ഘടകകക്ഷി നേതാക്കൾ AICC നേതൃത്വത്തെ അറിയിച്ചിട്ടുണ്ട്. മുഖ്യമന്ത്രി ആരായിരിക്കണമെന്ന കാര്യം കോൺഗ്രസ് ആണ് തീരുമാനിക്കേണ്ടതെങ്കിലും മുന്നണി നേതാക്കളുടെ അഭിപ്രായങ്ങൾ മാനിക്കണമെന്നാണ് ലീഗ് അടക്കം കക്ഷികളുടെ നിലപാട്.

✪✪✪

മലപ്പുറം പാണക്കാട്ട് മുസ്ലിം ലീഗ് നേതൃയോഗം പൂർത്തിയായി. സംസ്ഥാന മുഖ്യമന്ത്രിയുടെ കാര്യത്തിൽ കോൺഗ്രസ് ഹൈക്കമാൻഡിന്റെ തീരുമാനം കാത്തിരിക്കുകയാണെന്നും, പാർട്ടി ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി പറഞ്ഞു. ഹൈക്കമാൻഡിൽ നിന്നും നിലപാട് അറിഞ്ഞ

ശേഷം മുസ്ലീം ലീഗിന്റെ തീരുമാനം സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ പറയുമെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

✪✪✪

രണ്ട് ദിവസത്തെ CPIM സംസ്ഥാന കമ്മിറ്റി യോഗം  തിരുവനന്തപുരത്ത് ആരംഭിച്ചു. കഴിഞ്ഞ ദിവസം ചേർന്ന പോളിറ്റ് ബ്യൂറോ യോഗത്തിലും സെക്രട്ടറിയേറ്റിലും എടുത്ത തീരുമാനങ്ങളും തെരഞ്ഞെടുപ്പ് തോൽവി അവലോകനവുമായിരിക്കും യോഗത്തിന്റെ മുഖ്യ അജണ്ടകൾ. പ്രതിപക്ഷനേതാവ് ആരായിരിക്കണം എന്ന കാര്യത്തിലും യോഗത്തിൽ തീരുമാനമുണ്ടായേക്കും.

✪✪✪

മലപ്പുറം മങ്കടയിൽ മിന്നലേറ്റ് മരിച്ച നാല് വിദ്യാർത്ഥികളുടെ  മൃതദേഹങ്ങൾ കോഴിക്കോട്ട് പറമ്പ് ടസ്കർ ഓഡിറ്റോറിയത്തിൽ  പൊതുദർശനത്തിന് വെച്ചു. മഞ്ചേരി മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടപടിക്ക് ശേഷമാണ് പൊതുദർശനം ആരംഭിച്ചത്.

ഇന്നലെ വൈകീട്ട് പന്തല്ലൂർ മലയിൽ വ്യൂ പോയിന്റ് കാണാനെത്തിയ ഏഴംഗ വിദ്യാർത്ഥി സംഘത്തിലെ നാല് പേരാണ് മിന്നലേറ്റ് മരിച്ചത്. വെള്ളില സ്വദേശികളായ റഹീസ്, ബഹാസ്, സിയാദ്, ഫഹദ് എന്നിവരാണ് മരിച്ചത്. മൂന്നു പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ഇവർ മഞ്ചേരി മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്.

✪✪✪

ഇന്ധനച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വാഹനവ്യൂഹത്തിന്റെ  എണ്ണം കുറച്ചു.  അതേസമയം SPG പ്രോട്ടോക്കോളുകൾ പ്രകാരം  എല്ലാ അവശ്യ സുരക്ഷാ ക്രമീകരണങ്ങളും നിലനിർത്തിയിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു. പശ്ചിമേഷ്യൻ പ്രതിസന്ധിക്കിടയിൽ ഇറക്കുമതി ചെയ്യുന്ന ഇന്ധനത്തെ ആശ്രയിക്കുന്നത് കുറച്ചും, പരിസ്ഥിതിക്ക് സുസ്ഥിര ബദലുകൾ സ്വീകരിച്ചും രാജ്യത്തിന് സാമ്പത്തിക ഭദ്രത നൽകണമെന്ന പ്രധാനമന്ത്രിയുടെ ഏഴ് അഭ്യർത്ഥനകൾക്ക് അനുസൃതമായാണ് തീരുമാനം. ഇലക്ട്രിക് വാഹനങ്ങൾ വ്യൂഹത്തിൽ ഉൾപ്പെടുത്താനും പ്രധാനമന്ത്രി ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അഭ്യർത്ഥനയെത്തുടർന്ന്, ആഭ്യന്തര മന്ത്രി അമിത് ഷായും  വാഹനവ്യൂഹത്തിന്റെ എണ്ണം പകുതിയായി കുറച്ചു.

✪✪✪

1998 മെയ് 13-ന് ഇന്ത്യ നടത്തിയ ആണവ പരീക്ഷണങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരിച്ചു. ആണവ പരീക്ഷണങ്ങൾ രാജ്യത്തിന്റെ അചഞ്ചലമായ ദൃഢനിശ്ചയത്തെ വെളിപ്പെടുത്തിയതായി പ്രധാനമന്ത്രി പറഞ്ഞു. പരീക്ഷണങ്ങൾക്ക് ശേഷം, ലോകം മുഴുവൻ ഇന്ത്യയ്ക്ക് മേൽ സമ്മർദ്ദം ചെലുത്തിയെങ്കിലും, ഒരു ശക്തിക്കും ഇന്ത്യയെ നിശ്ചയദാർഢ്യത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ കഴിയില്ലെന്ന് നാം തെളിയിച്ചുവെന്നും നരേന്ദ്രമോദി പറഞ്ഞു.

✪✪✪

കുറ്റകൃത്യ കാര്യങ്ങളിൽ പരസ്പര നിയമസഹായം നൽകുന്നത് സംബന്ധിച്ച് ഇന്ത്യയുമായി ഒപ്പുവച്ച കരാർ ഇന്നലെ നേപ്പാളിലെ പ്രതിനിധിസഭയിൽ അവതരിപ്പിച്ചു. കേന്ദ്രമന്ത്രി സോബിത ഗൗതമാണ് കരാർ അവതരിപ്പിച്ചത്. ഈ വർഷം ഫെബ്രുവരിയിലാണ് കരാർ ഒപ്പിട്ടത്. ഇരു രാജ്യങ്ങളിലെയും കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട അന്വേഷണം, കോടതി വ്യവഹാരം, ജുഡീഷ്യൽ നടപടിക്രമങ്ങൾ എന്നിവ നിയമപരമായ മാർഗങ്ങളിലൂടെ കൂടുതൽ ഫലപ്രദവും എളുപ്പവുമാക്കുക എന്നതാണ് കരാറിന്റെ പ്രധാനലക്ഷ്യമെന്ന് സോബിത ഗൗതം, മന്ത്രിസഭയെ അറിയിച്ചു.

✪✪✪

ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചതിനെ തുടർന്ന് സ്വർണ വിലയിൽ വൻ കുതിപ്പ്. പവന് 10,200 രൂപ കൂടി ഒരു ലക്ഷത്തി 23,120 രൂപയായി. 15,390 രൂപയാണ് ഒരു ഗ്രാമിന്റെ വില.

ആറ് ശതമാനമായിരുന്ന സ്വർണം, വെള്ളി ഇറക്കുമതി തീരുവ 15 ശതമാനമായാണ് ഉയർത്തിയത്. സ്വർണത്തിന്റെ ഇറക്കുമതി നിയന്ത്രിക്കുന്നതിന്റെ ഭാഗമായാണിത്.

✪✪✪

ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചതിനെ തുടർന്ന് സ്വർണ വിലയിൽ വൻ കുതിപ്പ്. പവന് 10,200 രൂപ കൂടി ഒരു ലക്ഷത്തി 23,120 രൂപയായി. 15,390 രൂപയാണ് ഒരു ഗ്രാമിന്റെ വില.

ആറ് ശതമാനമായിരുന്ന സ്വർണം, വെള്ളി ഇറക്കുമതി തീരുവ 15 ശതമാനമായാണ് ഉയർത്തിയത്. സ്വർണത്തിന്റെ ഇറക്കുമതി നിയന്ത്രിക്കുന്നതിന്റെ ഭാഗമായാണിത്.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ രാവിലെ ചിലി വിദേശകാര്യ മന്ത്രി ഫ്രാൻസിസ്കോ പെരെസ് മക്കെന്നയുമായി കൂടിക്കാഴ്ച നടത്തി. വിപണികൾ വൈവിധ്യവൽക്കരിക്കുന്നതിനും ഉറവിടങ്ങൾ കണ്ടെത്തുന്നതിനും മുൻഗണനാ ഇനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും സേവന സമ്പദ് വ്യവസ്ഥ സുഗമമാക്കുന്നതിനുമായി ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഇരുപക്ഷവും ചർച്ചകൾ നടത്തിയതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. നാളെ ആരംഭിക്കുന്ന രണ്ട് ദിവസത്തെ ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാനാണ് അദ്ദേഹം ഇന്ത്യയിലെത്തിയത്.

✪✪✪

ഇൻഡൊനേഷ്യൻ വിദേശകാര്യമന്ത്രി സുഗിയോനോ ബ്രിക്സ് വിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഡൽഹിയിലെത്തി. രണ്ട് ദിവസത്തെ ബ്രിക്സ് യോഗം നാളെയാണ് ആരംഭിക്കുന്നത്. വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ അധ്യക്ഷനാകും. വിദേശകാര്യമന്ത്രിമാർക്ക് പുറമെ അംഗരാജ്യങ്ങളിലെയും പങ്കാളി രാജ്യങ്ങളിലെയും പ്രതിനിധി സംഘത്തലവൻമാരും യോഗത്തിൽ പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയെ സന്ദർശിക്കുന്ന അംഗരാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാർ പരസ്പരതാൽപര്യ ആഗോള പ്രാദേശിക വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറും.

✪✪✪

നീറ്റ് പരീക്ഷാ ചോദ്യപേപ്പർ ചോർന്ന കേസ് അന്വേഷിക്കാൻ CBI സംഘം രാജസ്ഥാനിലെത്തി. രാജസ്ഥാൻ പൊലീസിന്റെ പ്രത്യേക സംഘം കസ്റ്റഡിയിലെടുത്ത രണ്ട് ഡസനോളം ആളുകളെ CBI ഉദ്യോഗസ്ഥർ ചോദ്യം ചെയ്തു. സിക്കറിലെയും സമീപപ്രദേശങ്ങളിലെയും നൂറ് കണക്കിന് ആളുകളെ രാജസ്ഥാൻ പൊലീസിലെ അന്വേഷണ ഉദ്യോഗസ്ഥർ ചോദ്യം ചെയ്തുവരികയാണ്.

✪✪✪

നീറ്റ് ചോദ്യപേപ്പർ ചോർന്നതിനെതിരെ സംസ്ഥാനത്ത് SFI നേതൃത്വത്തിൽ വിദ്യാർത്ഥികൾ പ്രതിഷേധിച്ചു. കണ്ണൂരും പാലക്കാട്ടും കോഴിക്കോട്ടും പ്രവർത്തകർ ബാരിക്കേഡ് തകർക്കാൻ ശ്രമിച്ചു. പൊലീസുമായി ഉന്തും തള്ളുമുണ്ടായി. പ്രവർത്തകർ പിരിഞ്ഞു പോകാത്തതിനെത്തുടർന്ന് പാലക്കാട്ട് പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

✪✪✪

ഇന്ത്യൻ റഗ്ബി ടീമിൽ ഇടംനേടുന്ന ആദ്യ കേരള വനിതാ കായിക താരമായി മാറിയിരിക്കുകയാണ് പാലക്കാട് നെന്മാറ സ്വദേശിയായ K.P.ആതിര. തൃശൂർ റഗ്ബി അസോസിയേഷനു കീഴിൽ പരിശീലിക്കുന്ന ആതിര ഉസ്ബെക്കിസ്ഥാനിലെ താഷ്കന്റിൽ കാസ സെവൻസ് ടൂർണമെന്റിന്റെ ഇന്ത്യൻ ടീമിലാണ് ഉൾപ്പെട്ടിരിക്കുന്നത്.

പാലക്കാട് നിന്ന് ഫൈസൽ അലി മുത്ത്...

....(വോയ്സ്)..................

✪✪✪

ആകാശവാണിയുടെ 90-ാം വാർഷികത്തിന്റെ ഭാഗമായി പ്രക്ഷേപണത്തിന്റെ 75 വർഷങ്ങൾ പിന്നിട്ട കോഴിക്കോട് നിലയം സംഘടിപ്പിക്കുന്ന മിനി ലിറ്ററേച്ചർ ഫെസ്റ്റ് 'LEGACY 2026' ന്റെ ഭാഗമായി കവിതയുടെ കാൽപ്പാടുകൾ എന്ന വിഷയത്തിൽ സാഹിത്യ നിരൂപകൻ KV സജയ് സംസാരിച്ചു. കവി PP ശ്രീധരനുണ്ണി ആമുഖ പ്രഭാഷണം നടത്തി. അൽപസമയത്തിനകം 'പാട്ടിന്റെ പട്ടുനൂലിഴകൾ' എന്ന വിഷയത്തിൽ ഗായകൻ VT മുരളി സംസാരിക്കും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. വൈകീട്ട് ഏഴരക്ക് റായ്പൂരിലാണ് മത്സരം.

✪✪✪

പുതിയ അധ്യയന വർഷത്തിൽ പുനരുപയോഗ സന്ദേശവുമായി കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ സഹകരണത്തോടെ ജില്ലാ ശുചിത്വ മിഷൻ 'റീയൂസ് ഹീറോസ്; ദ റിയൽ ഹീറോസ്' ക്യാമ്പയിന് തുടക്കമിട്ടു. വിദ്യാർഥികളിൽ പുനരുപയോഗ ശീലം വളർത്തുക, മാലിന്യ നിർമാർജ്ജനം ഉറപ്പ് വരുത്തുക, പ്രകൃതി വിഭവങ്ങളുടെ അമിത ഉപയോഗത്തിനെതിരെ ബോധവത്കരണം എന്നിവ ലക്ഷ്യമിട്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*News Team: ഫസ്ന ഫാത്തിമ, ശ്രുതി*
*DEO: ഷീബ*